വാറ്റ് നിയമം സംബന്ധിച്ച ഉത്തരവുകൾ

15 [1845] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നിയമം നിലവിൽ വന്നശേഷം അതിന്റെ ഭാഗമായി എത്ര എസ്. ആർ. ഒ., നോട്ടിഫിക്കേഷൻ, സർക്കുലർ തുടങ്ങിയ ഉത്തരവുകളും ഇറക്കിയിട്ടുണ്ട്:

(ബി) പുറപ്പെടുവിച്ച മുഴുവൻ ഉത്തരവുകളുടേയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) മൂല്യവർദ്ധിത നികുതി നിയമം വന്നശേഷം അതിന്റെ ഭാഗമായി ഇറക്കിയിട്ടുള്ള എസ്. ആർ. ഒ., നോട്ടിഫിക്കേഷൻ-12 എണ്ണം, സർക്കുലറുകൾ-6 എണ്ണം.

(ബി) പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

മിലിറ്ററി കാന്റീനുകളിൽ നിലവിലുണ്ടായിരുന്ന നികുതി ഇളവുകൾ

16 [1846] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2005 മുതൽ വാറ്റ് നടപ്പാക്കിയതിനെ തുടർന്ന് മിലിറ്ററി കാന്റീനുകളിൽ നിലവിലുണ്ടായിരുന്ന നികുതി ഇളവുകൾ സർക്കാർ പിൻവലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ:

(ബി) ഗ്രോസ്സറി-ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം എന്നിവയുടെ നികുതി വർദ്ധനവുമൂലം വിമുക്ത ഭടൻമാർക്കും ആശ്രിതർക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സൈനികർക്കും മുൻ സൈനികർക്കും ആശ്രിതർക്കും നികുതി ഇളവുകൾ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള പൊതു വിൽപ്പന നികുതി നിയമം വകുപ്പ് 10 പ്രകാരമാണ് മിലിറ്ററി കാന്റീനുകൾക്ക് നികുതി ഇളവുകൾ ലഭ്യമായിരുന്നത്. എന്നാൽ മൂല്യ വർദ്ധിത നികുതി നിയമം 1-4-2005 മുതൽ പ്രാബല്യത്തിൽ വന്നു കഴിഞ്ഞപ്പോൾ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള പൊതു വിൽപ്പന നികുതി നിയമപ്രകാരം നിലവിലുണ്ടായിരുന്ന എല്ലാ നികുതി ഒഴിവുകളും, നികുതി ഇളവുകളും ഇല്ലാതെയായി.

(ബി) നികുതി വർദ്ധനവുമൂലം ഗ്രോസ്സറി, മദ്യം എന്നിവയ്ക്ക് വിറ കൂടിയിട്ടുണ്ട്.

(സി) മൂല്യവർദ്ധിത നികുതി നിയമത്തിൽ ഒരു വിഭാഗത്തിനും നികുതി ഇളവോ ഒഴിവോ നൽകുവാൻ പാടുള്ളതല്ല. ഇത്തരം സൗജന്യങ്ങൾ ആവശ്യമെങ്കിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നൽകേണ്ടത്. മാത്രവുമല്ല, ഈ സൗകര്യം സൈനികർ അല്ലാത്തവരും ദുരുപയോഗം ചെയ്തുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മിലിറ്ററി കാന്റീനുകൾവഴി വിഭ്യമാക്കുന്ന ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വർദ്ധിപ്പിച്ച നികുതി ഇളവു ചെയ്യുന്നതിന് നടപടി

17 [1847] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്ത ഭടൻമാർക്ക് കാന്റീനുകൾവഴി വിഭ്യമാക്കുന്ന ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വർദ്ധിപ്പിച്ച നികുതി എത്ര ശതമാനമാണ്;

(ബി) ഇവരുടെ രാജ്യസേവനം പരിഗണിച്ച് വർദ്ധിപ്പിച്ച നികുതി ഇളവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിമുക്ത ഭടൻമാർക്ക് കാന്റീനുകൾവഴി വിഭ്യമാക്കുന്ന ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ നിലവിലുള്ള നികുതി വിൽപ്പനയുടെ ആദ്യ ഘട്ടത്തിൽ 90% മാണ്. കൂടാതെ 5% വിറ്റുവരവ് നികുതിയും നൽകേണ്ടതുണ്ട്.

(ബി) മൂല്യവർദ്ധിത നികുതി നിയമത്തിന്റെ തത്വപ്രകാരം യാതൊരുവിധ നികുതി ഒഴിവുകളോ, നികുതി കിഴിവോ നൽകുവാൻ പാടുള്ളതല്ല. ഇത്തരം സൗജന്യങ്ങൾ ആവശ്യമെങ്കിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നൽകേണ്ടത്. കൂടാതെ പട്ടാളക്കാരുടെ സൗജന്യങ്ങൾ ഉപയോഗപ്പെടുത്തി സുഖഭോഗ വസ്തുക്കളായ ഫ്രിഡ്ജ്, ടി. വി., എ. സി. കാറുകൾ എന്നിവ പട്ടാളക്കാർ അല്ലാത്തവർ വാങ്ങുന്നതായും അങ്ങനെ വൻ നികുതി നഷ്ടം സംഭവിക്കുന്നതായും മുൻകാലങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly